## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5112** 14-03-2023 - ൽ മറുപടിയ്ക്ക്

## മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജിന് സ്ഥലവും കെട്ടിടവും കൈമാറുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും നിലവിൽ ഉപയോഗമില്ലാതെ കിടക്കുന്നതുമായ ബുക്ക് ഡിപ്പോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മാവേലിക്കര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വളപ്പിൽ പ്രവർത്തിച്ച് വരുന്നതും ഐ .എച്ച് .ആർ ഡി യുടെ കീഴിൽ വരുന്നതുമായ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനത്തിനായി ടി കോളേജിന്റെ എതിർ വശത്ത് ഒഴിഞ്ഞുകിടക്കുന്ന ടെക്സ്റ്റ് ബുക്ക് ഡിപ്പോ കെട്ടിടം വിട്ടുനൽകണമെന്ന് ഐ.എച്ച്. ആർ.ഡി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. മാവേലിക്കര ജില്ലയിലെ അക്കാദമിക പ്രവർത്തനങ്ങൾക്കും പ്രഥമാധ്യാപക കോൺഫ്രൻസുകൾക്കും അധ്യാപക പരിശീലന പരിപാടികൾക്കും മറ്റ് ഔദ്യോഗിക മീറ്റിങ്ങുകൾക്കും ടി കെട്ടിടം ഉപയുക്തമാക്കാവുന്നതിനാൽ ഐ .എച്ച് ആർ.ഡി ഡയറക്ടറുടെ പ്രസ്തുത ആവശ്യം സർക്കാർ നിരാകരിച്ചിരുന്നു എന്നാൽ ഉന്നത - പൊതു വിദ്യാഭ്യാസ മന്ത്രിമാരുടെ അധ്യക്ഷതയിൽ 11 -07 -2022 ൽ കൂടിയ യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടം പ്രസ്തുത കോളേജിന് അനുവദിക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി ടി വിഷയം പുനഃപരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ബി) | പ്രസ്തുത ബുക്ക് ഡിപ്പോ സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടവും മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജിന് കൈമാറുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | മാവേലിക്കര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വളപ്പിൽ പ്രവർത്തിച്ച് വരുന്നതും ഐ .എച്ച് .ആർ ഡി യുടെ കീഴിൽ വരുന്നതുമായ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനത്തിനായി ടി കോളേജിന്റെ എതിർ വശത്ത് ഒഴിഞ്ഞുകിടക്കുന്ന ടെക്സ്റ്റ് ബുക്ക് ഡിപ്പോ കെട്ടിടം വിട്ടുനൽകണമെന്ന് ഐ.എച്ച്. ആർ.ഡി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. മാവേലിക്കര ജില്ലയിലെ അക്കാദമിക |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കും പ്രഥമാധ്യാപക കോൺഫ്രൻസുകൾക്കും അധ്യാപക പരിശീലന പരിപാടികൾക്കും മറ്റ് ഔദ്യോഗിക മീറ്റിങ്ങുകൾക്കും ടി കെട്ടിടം ഉപയുക്തമാക്കാവുന്നതിനാൽ ഐ .എച്ച് ആർ.ഡി ഡയറക്ടറുടെ പ്രസ്തുത ആവശ്യം സർക്കാർ നിരാകരിച്ചിരുന്നു എന്നാൽ ഉന്നത - പൊതു വിദ്യാഭ്യാസ മന്ത്രിമാരുടെ അധ്യക്ഷതയിൽ 11 -07 -2022 ൽ കൂടിയ യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടം പ്രസ്തുത കോളേജിന് അനുവദിക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി ടി വിഷയം പുനഃപരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ